**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5626** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ കരിയർ അഡ്വാൻസ്മെൻറ് സ്കീമിലെ അപാകത പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരിയർ അഡ്വാൻസ്മെന്റ് സ്കീമിന്റെ പ്രയോജനം ആയുർവേദ മെഡിക്കൽ ഓഫീസർമാർക്ക് ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള ഗവൺമെന്റ് ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് ഫെഡറേഷൻ & അദേഴ്സ് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശകൾക്ക് അനുസൃതമായി ആയുർവേദ മെഡിക്കൽ ഓഫീസർമാർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM)271/2024 ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | ആരോഗ്യ മെഡിക്കൽ ഓഫീസർമാർക്ക് കരിയർ അഡ്വാൻസ്മെൻറ് സ്കീമിന്റേയും ടൈം ബൗണ്ട് ഹയർ ഗ്രേഡി(TBHG)ന്റെയും പ്രയോജനം ലഭിക്കുമ്പോൾ, ആയുർവേദ മെഡിക്കൽ ഓഫീസർമാർക്ക് നിലവിലെ രീതിയിൽ കരിയർ അഡ്വാൻസ്മെൻറ് സ്കീം നടപ്പാക്കുന്നത് കൊണ്ട് പ്രത്യേകിച്ച് പ്രയോജനം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല |
| (സി) | എൻട്രിലെവൽ പാരിറ്റി നിലനിന്നിരുന്ന എൻജിനീയർ പോലുള്ള സമാന പ്രൊഫഷണൽ തസ്തികകളിൽ ഉള്ളവർക്ക് പോലും ടൈം ബൗണ്ട് ഹയർ ഗ്രേഡി(TBHG)ന്റെയും കരിയർ അഡ്വാൻസ്മെൻറ് സ്കീമിന്റേയും പ്രയോജനത്താൽ ആയുർവേദ മെഡിക്കൽ ഓഫീസർമാരേക്കാൾ ഉയർന്ന വേതനം ലഭിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഈ വിഭാഗത്തിനുണ്ടായ നഷ്ടം നികത്തുന്നതിന് നിലവിലുള്ള കരിയർ അഡ്വാൻസ്മെൻറ് സ്കീം കണക്കാക്കുന്ന രീതിയിൽ ആവശ്യമായ പരിഷ്കരണം വരുത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം പ്രവേശന തസ്തികയിൽ 8/15 വർഷത്തെ യോഗ്യസേവനകാലം പൂർത്തിയാക്കുന്ന മുറയ്ക്ക് യഥാക്രമം ഒന്നാമത്തെ/ രണ്ടാമത്തെ റഗുലർ പ്രൊമോഷൻ തസ്തികയുടെ ശമ്പളസ്കെയിൽ അനുവദിക്കുകയാണ് ചെയ്യുന്നത്. ആയുർവേദമെഡിക്കൽ ഓഫീസർമാർക്ക് ഇത്തരത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള രണ്ടാമത്തെ പ്ലേസ്മെന്റ് 45800-89000 (2014 PR) ആണ് അനുവദിക്കുന്നത്. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ച പ്രകാരമുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീമാണ് നിലവിലുള്ളത്. കരിയർ അഡ്വാൻസ്മെന്റ് സ്കീം വിപുലമാക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ